**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 64** | **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് സംവിധാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 2026 ആഗസ്റ്റ് ആദ്യവാരം കനത്ത മഴയെ തുടർന്നുണ്ടായ കടൽ ക്ഷോഭത്തിൽ എത്ര മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടുവെന്നും എത്ര പേരെ കാണാതായെന്നും വ്യക്തമാക്കാമോ;

**മറുപടി:** 2026 ആഗസ്റ്റ് ആദ്യവാരം കനത്ത മഴയെ തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ 5 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 3 പേരെ കാണാതാകുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലുള്ള ശ്രീ. ഫ്രീമോൻ (26), കടകത്ത് പുരയിടം അഞ്ചുതെങ്ങ്, തിരുവനന്തപുരം ശ്രീ. ആന്റണി ബെഞ്ചമിൻ (59) അമ്പലത്തുംമൂല പുരയിടം, അടിമലത്തുറ, തിരുവനന്തപുരം എന്നിവരും കൊല്ലം ജില്ലയിലുള്ള ശ്രീ. രാജീവൻ കടുവിങ്കൽ, പുത്തൻതുറ നീണ്ടകര, കൊല്ലം (71), ശ്രീ. രാധാകൃഷ്ണൻ കടുവിങ്കൽ, പുത്തൻതുറ നീണ്ടകര, കൊല്ലം (48), ശ്രീ. അർജ്ജുൻ ഗുണശീലൻ, S/o കുറൂസ് മൈക്കിൾ, അൻപിയം-17, പുത്തൂർ, തളിക്കുളം, കന്യാകുമാരി എന്നിവരും ആണ് മരണപ്പെട്ടത്. തിരുവനന്തപുരം ജില്ലയിലുള്ള ശ്രീ ഷിജിൻ (32), വിളക്ക്മാടം അഞ്ചുതെങ്ങ്, തിരുവനന്തപുരം ശ്രീ. ജോൺ മത്യാസ് (61) പുല്ലുവിള, പള്ളം തിരുവനന്തപുരം എന്നിവരെയും കൊല്ലം ജില്ലയിലുള്ള ശ്രീ. ഗൗതം കൃഷ്ണ S/o.രാധാകൃഷ്ണൻ കടുവിങ്കൽ, പുത്തൻതുറ നീണ്ടകര, കൊല്ലം (23) എന്ന ആളെയുമാണ് കാണാതായത്.

**(ബി)** രക്ഷാപ്രവർത്തനത്തിന്റെ ഏറ്റവും നിർണ്ണായകമായ സമയത്ത് നാവികസേനയുൾപ്പെടെയുള്ളവരുടെ സഹായത്തോടെ തിരച്ചിൽ നടത്താത്തത് വീഴ്ചയാണെന്ന, കാണാതായവരുടെ ബന്ധുക്കളുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** 31/07/2026 ന് രാവിലെയും അർദ്ധരാത്രിയുമായി മുതലപ്പൊഴി, വിഴിഞ്ഞം, നീണ്ടകര മേഖലകളിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി സംസ്ഥാന മത്സ്യ വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, ഇന്ത്യൻ കോസ്റ്റ്ഗാർഡ്, കോസ്റ്റൽ പോലീസ്, ജില്ലാ ഭരണകൂടം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിൽ ഏകോപിതമായ തെരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കോസ്റ്റ് ഗാർഡിന്റെ കപ്പലും, ഡോണിയർ വിമാനവും മറൈൻ പൊലീസിന്റെ ബോട്ടുകളും മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും വിന്യസിച്ച് വ്യാപകമായ തിരച്ചിൽ നടത്തിയിട്ടുണ്ട്. കൂടാതെ മുങ്ങൽ വിദഗ്ധരുടെയും, സ്കൂബാ ഡൈവേഴ്സിന്റെയും സേവനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞത്തും, മുതലപ്പൊഴിയിലുമായി കാണാതായ ശ്രീ. ജോൺ മത്യാസ്, ശ്രീ ഷിജിൻ എന്നിവരെ കണ്ടെത്തുന്നതിനായി 31-07-2026 മുതൽ 22-08-2026 വരെ ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ

ബോട്ട്, മറൈൻ ആംബുലൻസ്, കോസ്റ്റ് ഗാർഡ് കപ്പൽ, ഡോണിയർ വിമാനം, സ്കൂബാ ഡൈവേഴ്സ് എന്നിവ ഉപയോഗിച്ച് 1044.4 മണിക്കൂർ തെരച്ചിൽ നടത്തിയിരുന്നു. റെസ്ക്യൂ ബോട്ട് 567.75 മണിക്കൂറും, മറൈൻ ആംബുലൻസ് 99.2 മണിക്കൂറും, കോസ്റ്റൽ പോലീസ് 135.9 മണിക്കൂറും, കോസ്റ്റ് ഗാർഡ് 234.55 മണിക്കൂറും, സ്കൂബാ ഡൈവേഴ്സ് 7.00 മണിക്കൂറും തെരച്ചിൽ നടത്തിയിട്ടുണ്ട്.

നീണ്ടകരയിൽ കാണാതായ ശ്രീ. ഗൗതം കൃഷ്ണയെ കണ്ടെത്തുന്നതിനായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള റെസ്ക്യൂ ബോട്ട്, സ്പീഡ് ബോട്ട്, ഫൈബർ ക്രാഫ്റ്റ്, എന്നിവ ഉപയോഗിച്ച് മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ, കോസ്റ്റൽ പോലീസ്, നീന്തലിൽ പ്രാവീണ്യമുള്ള ലൈഫ് ഗാർഡുമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പരമാവധി രക്ഷാ പ്രവർത്തനം നടത്തിയിരുന്നു. വകുപ്പിന്റെ സംവിധാനങ്ങൾ ഉപയോഗിച്ച് തെരച്ചിൽ മതിയാവാതെ വന്ന സാഹചര്യത്തിൽ നേവിയുടെയും, കോസ്റ്റ് ഗാർഡിന്റെയും സേവനം ഉറപ്പുവരുത്തുകയും തെരച്ചിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. സ്കൂബാ ഡൈവേഴ്സിന്റെയും, മുങ്ങൽ വിദഗ്ധരുടെയും സേവനങ്ങളും ഉപയോഗപ്പെടുത്തിയിരുന്നു. ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണവും നടത്തിയിട്ടുണ്ട്. ഇത് കൂടാതെ ഇന്ത്യൻ നേവിയുടെ INS Kalpeni യും തെരച്ചിലിൽ പങ്കെടുത്തിട്ടുണ്ട്.

ശ്രീ. ഗൗതം കൃഷ്ണയെ കണ്ടെത്തുന്നതിനായി 31-07-2026 മുതൽ 18-08-2026 വരെ ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റ് പട്രോൾ ബോട്ട്, റെസ്ക്യൂ ക്രാഫ്റ്റ്, സ്പീഡ് ബോട്ട് എന്നിവ ഉപയോഗിച്ച് 277.136 മണിക്കൂർ തെരച്ചിൽ നടത്തിയിരുന്നു. കൂടാതെ കോസ്റ്റ് ഗാർഡ്, നേവി എന്നിവരുടെ കപ്പലുകളും, ഡോണിയർ വിമാനവും, സ്കൂബാ ഡൈവേഴ്സും ഉൾപ്പെടെ ആകെ 86.8 മണിക്കൂർ (Ship Search - 42.2 Hrs., Aerial Search - 29.3 Hrs., Scuba divers - 15.3 hrs) തെരച്ചിൽ നടത്തിയിരുന്നു. ഇതു കൂടാതെ അഷ്ടമുടി കായലിലും, അനുബന്ധ കായൽ പ്രദേശങ്ങളിലും, തുരുത്തുകളിലും തെരച്ചിൽ നടത്തിയിട്ടുണ്ട്.

**(സി)** ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ കൃത്യമായ ഏകോപനത്തോടെ സജ്ജീകരണം ഒരുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ കൃത്യമായ ഏകോപനത്തോടെ സജ്ജീകരണം ഒരുക്കുന്നതിനുവേണ്ടി ഒരു Standard Operating Procedure (SOP) രൂപീകരിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് അപകടങ്ങൾ ഉണ്ടാകുമ്പോൾ അവരെ വളരെ വേഗം രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒരു SOPയുടെ കരട് തയ്യാറാക്കി സ്റ്റേക്ക് ഹോൾഡേഴ്സുമായി പ്രാഥമിക ചർച്ച നടത്തി, അവരുടെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**(ഡി)** മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുമ്പോൾ മുന്നറിയിപ്പ് നൽകാനും അപകട സമയത്ത് സന്ദേശം കൈമാറാനും നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിന് മുമ്പും കടലിൽ ആയിരിക്കുമ്പോഴും കാലാവസ്ഥാ മുന്നറിയിപ്പുകളും കടൽസംബന്ധമായ അടിയന്തര അറിയിപ്പുകളും സമയബന്ധിത മായി ലഭ്യമാക്കുന്നതിനായി വിവിധ സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്ത് പ്രയോജനപ്പെടുത്തി വരുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭിക്കുന്ന

കാലാവസ്ഥാ മുന്നറിയിപ്പുകൾ, ഉയർന്ന തിരമാല (High Wave), Swell Surge, ചുഴലിക്കാറ്റ് തുടങ്ങിയ കടൽസംബന്ധമായ മുന്നറിയിപ്പുകൾ വിവിധ ആശയവിനിമയ മാർഗങ്ങളിലൂടെ മത്സ്യത്തൊഴിലാളികളിൽ എത്തിച്ചുവരുന്നു.

ഇതിനായി എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷനുകൾ, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ്സ്, റേഡിയോ തുടങ്ങിയ ആധുനിക ആശയവിനിമയ സംവിധാന ങ്ങൾക്ക പുറമേ, തീരദേശ മേഖലകളിൽ മൈക്ക് അനൗൺസ്മെന്റുകൾ, തീരദേശ ആരാധനാലയങ്ങൾ എന്നിവ മുഖേനയും മുന്നറിയിപ്പുകളും മറ്റ് അടിയന്തര സന്ദേശങ്ങളും മത്സ്യത്തൊഴിലാളികളിൽ എത്തിച്ചുവരുന്നു. ഇതുവഴി കടലിൽ പോകുന്നതിന് മുമ്പ് ലഭിക്കുന്ന മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും, അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നുണ്ട്.

കടലിൽ അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ ആശയവിനിമയം സാധ്യമാക്കുന്നതിനായി VHF, NAVIC അധിഷ്ഠിത സംവിധാനങ്ങൾ, Vessel Tracking/Transponder സംവിധാനങ്ങൾ, Distress Alert സംവിധാനങ്ങൾ തുടങ്ങിയ സാങ്കേതിക സംവിധാനങ്ങളും നിലവിലുണ്ട്. മത്സ്യബന്ധന വകുപ്പിന്റെ കൺട്രോൾ റൂമുകളും ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള മറ്റ് ബന്ധപ്പെട്ട ഏജൻസികളും തമ്മിലുള്ള ഏകോപനത്തിലൂടെയാണ് അടിയന്തര വിവര കൈമാറ്റവും തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങളും നടത്തിവരുന്നത്.

സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും ഇരുദിശകളിലേയ്ക്കുമുള്ള സന്ദേശങ്ങൾ കൈമാറുന്നതിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised mechanised) 12121 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (motorised) ഉൾപ്പെടെ ആകെ 15684 മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 6682 മോട്ടോറൈസ്ഡ് മത്സ്യബന്ധനയാനങ്ങളിലും, 2682 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. ട്രാൻസ്പോണ്ടർ (Transponder) എന്നത് ഒരു മത്സ്യബന്ധന യാനത്തിന്റെ തിരിച്ചറിയൽ വിവരങ്ങളും സ്ഥാനവിവരങ്ങളും ഉപഗ്രഹം വഴിയോ റേഡിയോ ആശയവിനിമയ സംവിധാനം വഴിയോ കൈമാറാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ്. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർധിപ്പിക്കാനും അപകടസമയത്ത് രക്ഷാപ്രവർത്തനം വേഗത്തിലാക്കാനും ഇത് സഹായിക്കുന്നു. യാനത്തിന്റെ സ്ഥാനം കണ്ടെത്തുന്നതിന്, അപകടസന്ദേശം അയയ്ക്കുന്നതിന്, കാലാവസ്ഥാ മുന്നറിയിപ്പ്, സമുദ്രാതിർത്തി മുന്നറിയിപ്പ്, മത്സ്യബന്ധനത്തിന് സഹായം തുടങ്ങിയവയ്ക്ക് ട്രാൻസ്പോണ്ടർ സഹായകമാകുന്നു.

നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, കടലിൽ കഴിയുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലേക്കും അടിയന്തര മുന്നറിയിപ്പുകളും സന്ദേശങ്ങളും സമയബന്ധിതമായി എത്തിക്കുന്നതിനുമായി സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആവശ്യാനുസരണം സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**